ഉത്തരം

(എ) ആരോഗ്യവകുപ്പിന് 535 ലക്ഷം രൂപ അനുവദിച്ചു.

(ഡി.എച്ച്.എസ്-395, ഡി.എം.ഇ-100, ഹോമിയോ-20, ഡി.ഐ.എസ്.എം.ഡി.എ. എം.ഇ.-20)

(ബി) ഉണ്ട്.

(സി) തുക മുഴുവനും ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന ആരോഗ്യവകുപ്പ് ആരോഗ്യവിദ്യാഭ്യാസവകുപ്പ്, ഹോമിയോപതി വകുപ്പ്, ആയുർവേദവകുപ്പ്, ആയുർവേദ/ഹോമിയോ കോളേജുകൾ എന്നിവ വഴിയുള്ള പ്രവർത്തനങ്ങൾക്കാണ് ചിലവഴിക്കുന്നത്.

**പനി ബാധിച്ച് മരണപ്പെട്ടവരുടെയും ചികിത്സ തേടി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നവരുടെയും ജില്ല തിരിച്ചുള്ള കണക്ക്**

**92 (3845)** ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചവ്യാധിയും പനിയുംമൂലം എത്രപേർ ഇപ്പോൾ മരണപ്പെട്ടു എന്ന് പറയാമോ ; എത്രപേർ ഇതിനകം ചികിത്സതേടി ആശുപത്രികളിൽ എത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പനി പിടിച്ച് മരണപ്പെടുന്നവരുടെയും ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്നവരുടെയും ചികിത്സ തേടി എത്തുന്നവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ആരോഗ്യവകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ടോ ;

(സി) എന്നു മുതലാണ് ഇത് പ്രസിദ്ധികരിച്ചു തുടങ്ങിയതെന്ന് വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് നാളിതുവരെ പ്രസിദ്ധീകരിച്ച പ്രസ് റിലീസുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ;

(ഡി) ദിവസേന കൃത്യമായി ഈ കണക്കുകൾ പുറത്തുവിടുന്നതിന് ആരോഗ്യവകുപ്പിനെ പ്രേരിപ്പിച്ച കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതുവരെ പകർച്ചവ്യാധിയും പനിയും തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 168 പേർ മരണപ്പെട്ടു. 26-6-2003 മുതൽ 16-7-2003 വരെ 2,54,113 പേർ ചികിത്സ തേടി ആശുപത്രിയിൽ എത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പകർച്ചവ്യാധികൾ ഭീഷണിയായതുമുതൽ പ്രസിദ്ധീകരണത്തിനായി വിവരങ്ങൾ നൽകിത്തുടങ്ങി. എല്ലാ പ്രസ് റിലീസുകളും ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്.

(ഇ) ആരോഗ്യവകുപ്പിൽ നിന്നും അനുവദിച്ച തുക പ്രധാനമായും അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനും ലബോറട്ടറി ടെസ്റ്റു കിറ്റുകൾ വാങ്ങുന്നതിനും, പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിംഗ് മെഷീൻ, സ്പ്രെയർ എന്നിവയ്ക്കും ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമാണ് ചിലവഴിക്കുന്നത്. ചെലവഴിക്കപ്പെട്ട തുകയുടെ കണക്കുകൾ ക്ലോസ് ചെയ്ത ശേഷമേ കൃത്യമായ ചെലവ് കണക്കാക്കാൻ കഴിയൂ.

**കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയവർ**

**93 (3846)** ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര പേരാണ് ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ഡങ്കിപ്പനി ബാധിച്ച് ആരെങ്കിലും മരണപ്പെട്ടതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കാസർകോട് ജില്ലയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 51 പേർ ഡങ്കിപ്പനിയ്ക്ക് ചികിത്സ തേടിയിട്ടുണ്ട്.

(ബി) ഇല്ല.

**എയ്ഡ്സ് രോഗികൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾ**

**94 (3847)** ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ് രോഗബാധിതർക്ക് ആശ്വാസം നൽകുന്നതിനായി എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾക്ക് മാത്രമായി ചികിൽസാ കേന്ദ്രങ്ങളുണ്ടോ ;

(സി) എയ്ഡ്സ് ബാധിതർക്കു സൗജന്യമായി ഔഷധങ്ങളും മാർഗ്ഗനിർദ്ദേശവും നൽകുമോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളും യോജിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly